**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിലെ ഇൻസ്‌പെക്ഷൻ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന ധനസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ഏതു വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്. പ്രസ്തുത അതോറിറ്റിയിൽ ബി.എസ്.എൻ.എല്ലിൽ നിന്നും സ്വമേധയാ വിരമിച്ച ഉദ്യോഗസ്ഥൻ ചീഫ് പ്രോജക്ട് എക്സാമിനറായി കരാർ അടിസ്ഥാനത്തിലും, കേന്ദ്രസർക്കാർ സ്ഥാപനമായ ഹൈറ്റ്സിൽ നിന്നുമുള്ള ഉദ്യോഗസ്ഥൻ സീനിയർ പ്രോജക്ട് എക്സാമിനറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്നു. കൂടാതെ ടി വിഭാഗത്തിൽ കിഫ്ബി പദ്ധതികൾളുമായി ബന്ധപ്പെട്ട് സാങ്കേതിക പരിശോധന നടത്തുന്നതിന് വിദഗ്ധരുടെ സേവനം സി.എം.ഡി മുഖേന ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ധനകാര്യവകുപ്പിനു കീഴിലുള്ള കിഫ്ബിയിൽ ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ സംവിധാനമായ സി.റ്റി.ഇ.യെ ഒഴിവാക്കി ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് വിശദമാക്കുമോ? | (ബി) | ഭേദഗതി ചെയ്ത കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി കിഫ്ബി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപെട്ട പരിശോധകൾക്ക് ഒരു ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിക്കുകയും ടി വിഭാഗം കിഫ്ബി പദ്ധതികളുടെ സാങ്കേതിക പരിശോധന നടത്തി വരുകയും ചെയ്യുന്നു. എന്നാൽ ധനകാര്യവകുപ്പിനു കീഴിലുള്ള സി.റ്റി.ഇ.യെ കിഫ്ബി പദ്ധതികളുടെ പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ആവശ്യമെങ്കിൽ കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോട്ടു കൂടി സി.റ്റി.ഇക്കും കിഫ്ബി പദ്ധതികളിൽ പരിശോധന നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ